പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1388 08.02.2013-ൽ മറുപടിയ്ക്ക്

## ചിട്ടി രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചിട്ടി മേഖലയിലെ പുതിയ കേന്ദ്ര നിയമംമൂലം ചിട്ടി രജിസ്ട്രേഷൻ രംഗത്ത് കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എന്തുമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും | ഇല്ല<br>പഴയ ചിട്ടി നിയമമനുസരിച്ച് 2011 മെയ് മുതൽ ഡിസംബർ വരെ രജിസ്റ്റർ ചെയ്ത ചിട്ടികളുടെ എണ്ണത്തിനെ അപേക്ഷിച്ച്, പുതിയ നിയമത്തിൻ കീഴിൽ 2012 - ൽ ഇതേ കാലയളവിൽ 372 ചിട്ടികൾ അധികമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. സ്റ്റാമ്പിന്റെ കാര്യത്തിൽ രണ്ടു നിയമങ്ങൾ സംബന്ധിച്ചും വ്യത്യാസം ഇല്ലാത്തതിനാൽ ടി കാലയളവിൽ 40,60,910/- രൂപയുടെ വർദ്ധനവ് ഉണ്ടായി. പഴയ ചിട്ടി നിയമ പ്രകാരം ചിട്ടി രജിസ്ട്രേഷൻ ഫീസിനത്തിൽ 2 ശതമാനവും വരിയോല ഫീസിനത്തിൽ 3 ശതമാനവും കൂടി ആകെ ചിട്ടി തുകയുടെ 5% ഫീസിനത്തിൽ ലഭിച്ചിരുന്നപ്പോൾ പുതിയ നിയമ പ്രകാരം ഏതൊരു ചിട്ടിക്കും പരമാവധി 750/- രൂപയാണ് ഫീസായി ലഭിക്കുന്നത്. ഇക്കാരണത്താൽ ചിട്ടി ഫീസിനത്തിൽ 2,22,32,700/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. എന്നാൽ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി) | ഏതെല്ലാം സാഹചര്യത്തിലാണ്, ചിട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ